പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ.3109

11.12.2014 ൽ

മറുപടിക്ക്

## മണൽകടത്തിന്റെ ഭാഗമായി പിടിച്ചെടുത്ത വാഹനങ്ങൾ

ചോദ്യം

ശ്രീ.എം.ഉമ്മർ :

ഉത്തരം

ശ്രീ .അടൂർ പ്രകാശ്

(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | മണൽകടത്തിന്റെ ഭാഗമായി പിടിച്ചെടുത്ത വാഹനങ്ങൾ കളക്ടറേറ്റിലും പോലീസ് സ്റ്റേഷനുകളിലും കിടന്ന് നശിക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത വാഹനങ്ങൾ യഥാസമയം വിട്ടു നൽകാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ; | (ബി) | വാഹനം വിട്ടുതൽ ചെയ്ത് കിട്ടുന്നതിനായി, വാഹന ഉടമ അപേക്ഷ നൽകാത്ത സാഹചര്യത്തിലും കേസുകൾ തീർപ്പാകാത്ത സാഹചര്യത്തിലും നിശ്ചിത പിഴ തുക അടച്ച് വാഹനം ഏറ്റെടുക്കാത്ത സാഹചര്യത്തിലുമാണ് വാഹനങ്ങൾ യഥാസമയം വിട്ടു നൽകാൻ സാധിക്കാതെ വരുന്നത്. |
| (സി) | ഇത്തരത്തിൽ സംസ്ഥാനത്ത് കെട്ടികിടക്കുന്ന വാഹനങ്ങളുടെ ലേലത്തിലൂടെ എത്ര രൂപ ഖജനാവിലേക്ക് സമാഹരിക്കാൻ കഴിയും എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | കേസുകൾ തീർപ്പാക്കാതെ വാഹനം ലേലം ചെയ്യുന്നതിന് വ്യവസ്ഥയില്ല. ആയതിനാൽ ലേലത്തിലൂടെ സമാഹരിക്കാൻ കഴിയുന്ന തുക വിവരം പരിശോധിച്ചിട്ടില്ല. |
| (ഡി) | പിടിച്ചെടുത്ത വാഹനങ്ങൾ കളക്ടറേറ്റുകളിലും സ്റ്റേഷനുകളിലും നിന്ന് നീക്കം ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (ഡി) | നിയമാനുസൃതം നീക്കം ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സെക്ഷൻ ഓഫീസർ |